പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ഐ.എ.വൈ. പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസഹായം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1374 — 02.07.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.കെ.ബാലൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | ഐ.എ.വൈ. പദ്ധതി നടപ്പാക്കുന്നതിനുള്ള ചുമതല ഏത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനാണെന്ന് വ്യക്തമാക്കുമോ ; | (എ) | ഐ.എ.വൈ പദ്ധതി നടപ്പിലാക്കുന്ന ചുമതല ബ്ലോക്ക് പഞ്ചായത്തുകൾക്കാണ്. |
| (ബി) | പദ്ധതി നടപ്പാക്കിയ വകയിൽ പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് സർക്കാർ വിഹിതം നൽകാനുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഐ.എ.വൈയുടെ യൂണിറ്റ് കോസ്റ്റ് 2 ലക്ഷം (എസ്.സി, ജനറൽ), 2.5 ലക്ഷം (എസ്.ടി) ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. അതുമൂലമുണ്ടായ അധിക ബാധ്യതയിൽ 2012-13-ൽ 75,000/- രൂപയും, 2013-14, 2014-15 വർഷങ്ങളിൽ 50,000/- രൂപയും സംസ്ഥാന സർക്കാർ അധിക ധനസഹായമായി നൽകുന്നുണ്ട്. ടി തുക പൂർണ്ണമായും നൽകിയിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസഹായത്തിനായി സർക്കാർ ഹഡ്കോ (HUDCO)യെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ അനുകൂല മറുപടി ലഭിച്ചിട്ടുണ്ടോ ; | (സി) | സംസ്ഥാന സർക്കാർ നൽകുന്ന അധിക ധനസഹായത്തിലെ കുടിശ്ശിക നൽകുന്നതിനായി **HUDCO**-ൽ നിന്നും വായ്പയെടുക്കുന്നതിനായി **KURDFC**-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. |
| (ഡി) | എത്ര രൂപയുടെ ധനസഹായമാണ് സർക്കാർ ഹഡ്കോയോട് ആവശ്യപ്പെട്ടിട്ടുള്ളത്; ധനസഹായം എന്നത്തേക്ക് ലഭ്യമാകും; പ്രസ്തുത ധനസഹായത്തിന് ഹഡ്കോ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ഡി) | 650 കോടി രൂപയുടെ ധനസഹായമാണ് **HUDCO**-ൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ളത്. കാലതാമസം കൂടാതെ വായ്പ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. കേന്ദ്രഗവൺമെന്റ് അനുമതി, സംസ്ഥാന സർക്കാർ ഗ്യാരണ്ടി, ബഡ്ജറ്റ് അലോക്കേഷൻ, നിലവിലെ HUDCO |

| | | | |
|---|---|---|---|
| | | | വായ്പ തിരിച്ചടവ് തുടങ്ങിയവയാണ് പ്രധാന വ്യവസ്ഥകൾ. |
| (ഇ) | ഹഡ്കോയുടെ ധനസഹായം ലഭിച്ചാൽ പദ്ധതി നടപ്പാക്കുന്നതിൽ പങ്കാളികളാകുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിഹിതത്തിൽ വ്യത്യാസം വരുമോ ; വരുമെങ്കിൽ എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുമോ ; | (ഇ) | വ്യത്യാസം വരുന്നതല്ല. |
| (എഫ്) | മുൻവർഷങ്ങളിലെ കുടിശ്ശിക തീർപ്പാക്കുന്നതിനാണോ പുതിയ പദ്ധതി നടപ്പാക്കുന്നതിനാണോ [illegible] ധനസഹായം വിനിയോഗിക്കുന്നതെന്നും വ്യക്തമാക്കുമോ ? | (എഫ്) | 2012-13 മുതൽ 2014-15 വരെ ഐ.എ.വൈ യ്ക്കായി സംസ്ഥാന സർക്കാർ നൽകേണ്ട അധിക സംസ്ഥാന വിഹിതത്തിന്റെ കുടിശ്ശിക തീർപ്പാക്കുന്നതിനാണ് HUDCO-ൽ നിന്നും ലഭിക്കുന്ന വായ്പ പ്രയോജനപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ